**File No.LSGD-FM2/124/2020-LSGD**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -കടലേറ്റം തടയുന്നതിന് ജിയോ ബാഗ് സ്ഥാപിക്കുന്നതിന് തനത് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.1166/2020/ത.സ്വ.ഭ.വ** — **തിരുവനന്തപുരം, തീയതി, 16/06/2020**

---

പരാമർശം:- കയ്പ്പമംഗലം എം എൽ എ സമർപ്പിച്ച 08/06/2020 ലെ കത്ത്

**ഉത്തരവ്**

കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം എന്നീ ഗ്രാമപഞ്ചായത്തുകളിലെ തീരദേശത്ത് കടൽക്ഷോഭം രൂക്ഷമായി കൊണ്ടിരിക്കുകയാണെന്നും, മൂന്ന് ഗ്രാമപഞ്ചായത്തുകൾക്കും കടലേറ്റം തടയുന്നതിനുള്ള ജിയോ ബാഗ് സ്ഥാപിക്കലടക്കമുള്ള പ്രതിരോധ നടപടികൾക്കായി തനത് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പ്രത്യേക അനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനാണ് കയ്പ്പമംഗലം എം എൽ എ ആവശ്യപ്പെട്ടിരിക്കുന്നത് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം എന്നീ ഗ്രാമപഞ്ചായത്തുകളിലെ തീരദേശത്ത് കടലേറ്റം തടയുന്നതിനുള്ള ജിയോ ബാഗ് സ്ഥാപിക്കലടക്കമുള്ള പ്രതിരോധ നടപടികൾക്കായി തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വീതം കമ്മിറ്റി തീരുമാനത്തിന് വിധേയമായി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signature valid
Digitally signed by S BINDU
Date: 2020.06.17 10:41:01 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്